III. ശ്രദ്ധ ക്ഷണിക്കൽ

(1) കൈത്തറി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. സി. കെ നാണു:</u> സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 3-2-2005-ൽ എനിക്കുതന്ന മറുപടിയിൽ തുണി സംഭരിച്ച വകയിൽ നൽകാനുള്ളതും നൂൽ സബ്സിഡി ഇനത്തിൽ പ്രോജക്ട് പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് സഹകരണ സംഘങ്ങൾക്ക് അനുവദിച്ച സംഖ്യയിൽ വടകര താലൂക്കിലെ 12 സംഘങ്ങൾക്ക് ഹാന്റക്സ് മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകാനുള്ളതുമായ തുക 2,20,99,628 രൂപയാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിരിക്കുകയാണ്. ഇന്ന് കോഴിക്കോട് ജില്ലയിലെ 25 കൈത്തറി സഹകരണസംഘങ്ങൾക്ക് ഏതാണ്ട് മൂന്നരകോടിയോളം രൂപ കിട്ടാനുണ്ട്. സാധാരണ ഓണം, വിഷു, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ കൊടുക്കാനുള്ള തുകയുടെ കുറച്ച് ഭാഗം ഹാന്റക്സ് സൊസൈറ്റികൾക്ക് നൽകാറുണ്ട്. കോഴിക്കോട് ജില്ലയിൽ 2005-ൽ ഓണക്കാലത്ത് തുണി വിൽപ്പന വഴി ഹാന്റക്സിന് ലഭിച്ച തുകയിൽ ഒരു പൈസപോലും സൊസൈറ്റികൾക്ക് നൽകിയില്ല. ആയിരക്കണക്കിന് ആളുകളുടെ വളരെ ദയനീയമായ അവസ്ഥയാണ് ഞാൻ ഇവിടെ വിശദീകരിക്കുന്നത്. കൊല്ലങ്ങളായി എന്റെ നിയോജകമണ്ഡലമായ വടകരയിൽ ഏതാണ്ട് രണ്ട് കോടിയിലധികം രൂപ ലഭിക്കാനുള്ള കൈത്തറി സഹകരണ സംഘങ്ങളിൽ 10% ആളുകൾക്കുപോലും തൊഴിൽ നൽകാൻ സാധിക്കാത്തതിന്റെ പേരായി ഇവർ മുഴുവൻ ആളുകളും പട്ടിണിയിലാണ്. രണ്ട് മാസം മുമ്പ് ഒരു തൊഴിലാളി അയാളുടെ കൈ ബ്ലേഡ് വച്ച് മുറിച്ച് മരിക്കാൻ ശ്രമിച്ച സാഹചര്യത്തിൽ മറ്റുള്ള ആളുകൾ അറിഞ്ഞ് അദ്ദേഹത്തെ രക്ഷപ്പെടുത്തിയിരിക്കുകയാണ്. കൈത്തറിമേഖലയിലെ സഹകരണ സംഘങ്ങളിലെ ആളുകൾ ഭക്ഷണം കഴിച്ചിരുന്ന ഹോട്ടൽ അടഞ്ഞു കിടക്കുന്നു. പരിസരത്തുള്ള പല ചരക്ക് കടകൾ അടഞ്ഞ് കിടക്കുന്നു. ഒരു വമ്പിച്ച പ്രതിസന്ധിയാണ് ഇന്ന് ഈ മേഖലയിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി എല്ലാ രാഷ്ട്രീയ കക്ഷികളിലേയും ആളുകൾ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പ് മന്ത്രിക്കും മറ്റും നിവേദനങ്ങൾ നൽകുകയും ഈ പാവപ്പെട്ട ആളുകളെ രക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കയർ വ്യവസായം കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്ന രണ്ടാമത്തെ മേഖല കൈത്തറി വ്യവസായ മേഖലയാണെന്നുള്ളത് സർക്കാർ രേഖകൾ തന്നെ വ്യക്തമാക്കുന്നു. ആ ഘട്ടത്തിൽ ഇത്ര മാത്രം ഗൗരവഗണന നമ്മുടെ നാട്ടിലെ കൈത്തറി തൊഴിലാളികളോടു ഗവൺമെന്റ് കാണിക്കാൻ എന്താണ് കാരണം എന്ന് ബഹുമാനപ്പെട്ട സർക്കാർ വ്യക്തമാക്കേണ്ടതാണ്. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി മുൻ കൊല്ലാകൊണ്ട് 500 കോടി രൂപ ഈ പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടി ചെലവാക്കുമെന്നു പറഞ്ഞു. ഈ വർഷം 50 കോടി രൂപ ചെലവാക്കുമെന്നു പറഞ്ഞു. അത് നടന്നില്ല. 2003-2004 ബഡ്ജറ്റിലാണ് ഇത് പറഞ്ഞത്. അതിന് മുൻപ് ദീൻ-ദയാൽ

LIBRARY ARCHIVES Kerala Legislative Assembly

ഹാത്ത്കർഗ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കൈത്തറി സംഘങ്ങളെ സഹായിക്കാൻ ഹാന്റ്ക്സ് സമർപ്പിച്ച പാക്കേജ് പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കൈത്തറി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. നടപ്പുസാമ്പത്തികവർഷം 63 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി 14 കോടിയിൽ അധികം രൂപയും വകയിരുത്തി കേരള നിയമസഭയിൽ ശ്രീ. കെ. പി. മോഹനനും ഞങ്ങളും ചോദിച്ച ചോദ്യത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതികൾക്കായി 636.90 ലക്ഷം രൂപയും കേന്ദ്ര പദ്ധതികൾക്കായി 1444.20 ലക്ഷം രൂപയും, വരുന്ന സാമ്പത്തിക വർഷത്തേക്കായി 1005 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 3215.10 ലക്ഷം രൂപയും അനുവദിക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയതാണ്. ഞാനിത് പറയുന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ മുൻപാകെ കുറച്ചു മുൻപ് കൂടെ ആളുകൾ കഴിഞ്ഞ ഒരു കൊല്ലമായി വളരെ ദയനീയമായ സ്ഥിതി അഭിമുഖീകരിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ധനകാര്യമന്ത്രി എഴുന്നേറ്റ് നിന്ന് മാർച്ച് 31-ാം തീയതിക്കകം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാം എന്നു പറഞ്ഞു. ഞാൻ പറയുന്നു കോഴിക്കോട് ജില്ലയേക്കാളും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ജില്ല കണ്ണൂർ ജില്ലയാണ്. പതിനായിരക്കണക്കിനാളുകൾ രണ്ടു ജില്ലകളിലായി പട്ടിണി കിടക്കുന്ന അവസ്ഥ നമ്മുടെ മുന്നിൽ വന്നിരിക്കുന്നു. സർക്കാർ കൊടുക്കാനുള്ള, ഹാന്റ്ക്സ് കൊടുക്കാനുള്ള പണം കൊടുത്തിരുന്നെങ്കിൽ ആ പാവങ്ങൾക്ക് മാസത്തിൽ 25 ദിവസമെങ്കിലും തൊഴിലെടുക്കാൻ സാധിക്കുമായിരുന്നു. എം. എൽ. എ. മാർ നിരന്തരം നിങ്ങളുടെ മുന്നിൽ വന്ന് നിവേദനങ്ങൾ തരുന്നു. ഞങ്ങൾ വേദനയോടെ പറയുന്നു. ഞങ്ങൾ വീടുകളിൽ എത്തുന്ന അവസരങ്ങളിൽ ഓരോ കൈത്തറി സഹകരണ സംഘങ്ങളിലെയും തൊഴിലാളികൾ കൂട്ടംകൂട്ടമായി ആണുംപെണ്ണുംവന്ന് സ്ത്രീകളുടെ ദയനീയത അവരുടെ കുട്ടികളെ പഠിപ്പിക്കണം, രോഗം വന്നാൽ ചികിത്സിക്കണം ഈ സൗകര്യങ്ങളൊന്നും ലഭിക്കാതെ പാവപ്പെട്ട തൊഴിലാളികൾ കഷ്ടപ്പെടുന്നു. ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് എന്തുകൊണ്ട് സന്നദ്ധമാകുന്നില്ല? കഴിഞ്ഞ 5 കൊല്ലം ഓരോ ഘട്ടത്തിലും കൈത്തറി തൊഴിലാളികളുടെ ജാഥ വരുന്നു. കാസർകോട്ട് നിന്ന് ഇവിടെ എത്തിയശേഷം ഞങ്ങൾ എല്ലാ കക്ഷി നേതാക്കളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും, മന്ത്രിമാരെയും കാണുന്നു. ഉടൻ പരിഹരിക്കാമെന്നു പറയുന്നു. ഈ കഴിഞ്ഞ ഓണക്കാലത്ത് പാവപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് സഹകരണ സംഘത്തിൽ മാത്രമല്ല സാധാരണ കൈത്തറി തൊഴിലാളികൾക്ക് ഹാന്റ്ക്സോ സർക്കാരോ ആരും പൈസ കൊടുക്കാതെ ഓണക്കാലത്ത് ക്രിസ്തുമസിന്, പെരുന്നാളിന്, വിഷുവിന് അവർ മുഴു പട്ടിണിയിലായി. സകല മതക്കാരും ഗവൺമെന്റിനാൽ അവഗണിക്കപ്പെടുന്നു. എന്താണ് ഇതിന് കാരണം? ഓരോ ഘട്ടത്തിലും ബഡ്ജറ്റ് വരുന്ന അവസരത്തിൽ പാവപ്പെട്ട തൊഴിലാളികളുടെ മുമ്പാകെ മനോഹരമായ ഒരു ചിത്രം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ 500 കോടി ഈ വർഷം, 50 കോടി ദീൻ-ദയാൽ പദ്ധതി, അതിന്റെ വക, സംസ്ഥാനഗവൺമെന്റിന്റെതായ വിഹിതം, ചില സ്പെഷ്യൽ ഇൻസെന്റീവ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ഓരോന്ന് ഓരോന്ന് ബഡ്ജറ്റ് വരുന്ന അവസരത്തിൽ തൊഴിലാളികളോട് നിങ്ങൾക്ക് തരും എന്ന് പറയും. പക്ഷെ ഇവിടെ ഫലം, എനിക്ക് സാങ്കേതികമായ മറുപടി തന്നിട്ട് നാളെ പത്രങ്ങളിൽ പറയുന്നത് അതിന് ഞങ്ങളുടെ ഭാഗത്ത് വിശദീകരണം തന്നു എന്നാണ്. അവിടുത്തെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയോട് പറയുന്ന പാവപ്പെട്ട ഒരു ജനവിഭാഗം. കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യുന്നതു കണ്ടു, തേയില തോട്ടങ്ങളിലെ തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നതുകണ്ടു, കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നതുകണ്ടു. കൈത്തറി തൊഴിലാളികൾ കേരളത്തിൽ ആത്മഹത്യ ചെയ്യാത്തത് അവർ അധികവും സാധാരണക്കാരായ ജനങ്ങൾ ജീവിക്കുന്ന പ്രദേശത്ത് ഉള്ളവരായതുകൊണ്ട് പാവപ്പെട്ടവരുടെ സഹായത്തിന്റെ ഫലമായിട്ടാണ് ഇന്ന് ആത്മഹത്യ ചെയ്യാത്തത്. ഇനിയും ഇതിന് പരിഹാരം കണ്ടില്ലെങ്കിൽ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ പറയുന്നു പാവപ്പെട്ട മനുഷ്യരുടെ രക്തസാക്ഷിത്വം അല്ലെങ്കിൽ മനുഷ്യരുടെ ആത്മഹത്യയ്ക്ക് നിങ്ങൾ മറുപടി നൽകേണ്ടിവരും. അതുകൊണ്ട് അടിയന്തിരമായി ഈ കൈത്തറി തൊഴിലാളികൾക്ക് ഹാന്റ്ക്സിന്റെ വക ലഭിക്കാനുള്ളതും, മൂന്ന്, നാല് മേഖലകളിലായി കേന്ദ്ര ഗവൺമെന്റ് തന്ന പണം അങ്ങനെ കൊടുക്കാനുള്ളതുമെല്ലാം നൽകണം. അതു കൊടുക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ട പ്രശ്നം ഉണ്ട്. ഞാൻ പറയുന്നത് കൈത്തറി തൊഴിലിന് ഒരു സംരക്ഷണം വേണം. നമ്മുടെ നാട്ടിലെ വൻകിട മില്ലുകളുടെ ഉൽപ്പന്നങ്ങളോട് മത്സരിക്കാനായി കൈത്തറിക്ക് സാധിക്കില്ല. കൈത്തറിയോട് മത്സരിക്കാൻ ഖാദിക്ക് സാധിക്കില്ല. പവർലൂം ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ ഖാദിക്ക് സാധിക്കില്ല. ഖാദിയിലെ ഉൽപ്പന്നങ്ങൾക്ക്, പവർമില്ലിന്റെ ഉൽപ്പന്നങ്ങൾക്ക് വൻകിട മില്ലുകളുടെ തുണികളുടെ മാർക്കറ്റിൽ മത്സരിക്കാൻ സാധിക്കില്ല. ഖാദിയും കൈത്തറിയും സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ചെറുകിട വ്യവസായ മേഖലയെ രക്ഷിക്കണമെങ്കിൽ നിങ്ങൾക്ക് ഇതല്ലാതെ മാർഗ്ഗമില്ല. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി വേദനയോടെ ഗവൺമെന്റിനോട് പറയുകയല്ലാതെ നിർവ്വാഹമില്ല. പ്രതിഷേധമായിട്ടുമല്ല. ഒരു എം. എൽ. എ. എന്ന നിലയിൽ കോഴിക്കോട് ജില്ലയിലെ, കണ്ണൂർ ജില്ലയിലെ, കേരളത്തിൽ ഉടനീളം പട്ടിണി കിടക്കുന്ന പാവപ്പെട്ട കൈത്തറി തൊഴിലാളികളെ രക്ഷിക്കാൻ ഈ ഗവൺമെന്റിനു മുൻപാകെ സംസാരിക്കുക, അഭ്യർത്ഥിക്കുക അതിനുവേണ്ടി യാചിക്കുകയെന്നു പറയുകയല്ലാതെ ഞങ്ങളെപ്പോലുള്ള ആളുകൾക്ക് വേറെ മാർഗ്ഗം ഇല്ല. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം അദ്ദേഹത്തിന്റെ നിയോജക മണ്ഡലം ഉൾപ്പെടെയുള്ള ചില പ്രദേശങ്ങളിൽ 2000-ൽ ആണെന്ന് എനിക്കു തോന്നുന്നു, ഓണത്തിനും വിഷുവിനും ഗവൺമെന്റ് നൽകിയിരുന്ന റിബേറ്റ് നോംസ് തെറ്റിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ കൊടുക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അംഗം പറഞ്ഞ കാര്യം വളരെ സത്യസന്ധമാണ്. അവർക്ക് നിബെറ്റ് കൊടുക്കേണ്ടതാണ്. നേരത്തെ ഈ കാര്യങ്ങൾ സംഘങ്ങളെ ഇൻഫോം ചെയ്തിരുന്നോ എന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് ആ പ്രശ്നം പരിഹരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. അവർ അനുഭാവപൂർവ്വം പരിഗണിച്ച് വേണ്ട നടപടി സ്വീകരിക്കും. ആഭ്യന്തര ഉൽപ്പാദനം നിയന്ത്രണാതീതമായി വർദ്ധിച്ചതും വിദേശത്തുനിന്നുള്ള ഇറക്കുമതിയും മിൽത്തുണിത്തരങ്ങളുടെ വിലക്കുറവ് കാരണവും കൈത്തറി സഹകരണ സംഘങ്ങളിലും ഹാന്റക്സിലും ഹാൻവീവിലും കൈത്തറി തുണിത്തരങ്ങൾ കെട്ടിക്കിടക്കുകയാണ്. കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും ഷൈത്തറിതുണി സംഭരിച്ച വകയിൽ ഹാന്റക്സ് സഹകരണസംഘങ്ങൾക്ക് 27 കോടി രൂപ നൽകാൻ ഉണ്ടായിരുന്നു. അതിൽ 4 കോടി രൂപ കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്തു. ഇനി 23 കോടി രൂപ സംഘങ്ങൾക്ക് നൽകുവാനുണ്ട്. ഹാന്റക്സ് സംഘങ്ങൾക്ക് വൻ തുക നൽകുവാനുള്ളതുകാരണം സംഘങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾക്ക് നിബെറ്റും മാർക്കറ്റിംഗ് ഇൻസെന്റീവുമായി കഴിഞ്ഞ നലമവർഷത്തിനുള്ളിൽ ഗവൺമെന്റ് 44.5 കോടി രൂപയോളം രൂപ നൽകിയിട്ടുണ്ട്. നിബേറ്റ് ഇനത്തിൽ ഇനി 7 കോടി രൂപ മാത്രമാണ് നൽകുവാനുള്ളത്. ഈ തുകയും കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. കൈത്തറി സംഘങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾക്ക് ഡിസ്കൗണ്ട് നൽകാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. കൈത്തറി സഹകരണസംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഫേക്ക്സ്റ്റൈൽ രംഗത്തുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത് മൂല്യവർദ്ധിതവും കൂടുതൽ ആകർഷണീയവുമായ വസ്ത്രങ്ങൾക്ക് രൂപം നൽകി അവയുടെ വിപണനം വർദ്ധിപ്പിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഷോറൂമുകൾ നവീകരിക്കുന്നതിനുമായി കേന്ദ്ര സഹായമായി രണ്ടര കോടിയോളം രൂപ ഹാന്റക്സിന് നൽകിയിട്ടുണ്ട്. ദീൻ-ദയാൽ കൈത്തറി വികസന പദ്ധതിയിലൂടെ സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ കൺസോർഷ്യങ്ങളാക്കി ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ ഹാങ്ക്യാൺ സഹകരണ സംഘങ്ങൾക്ക് സബ്സിഡിയോടുകൂടി ലഭ്യമാക്കുന്നുണ്ട്. സംഘങ്ങളുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഓഹരി പങ്കാളിത്തം നൽകി വരുന്നു. കലാപരമായി കൂടുതൽ വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

<u>ശ്രീ. സി. കെ. നാണു</u>: ഞാൻ ചോദിച്ച ചോദ്യം പ്രവൃത്തി നടക്കാതെ ഹാന്റക്സിൽ നിന്ന് ലഭിക്കാനുള്ള..... ഔദാര്യമല്ല, യാചനയല്ല. അവർക്ക് ഹാന്റക്സിൽ നിന്ന് കൊടുക്കാനുള്ള കാശാണ്. പിച്ചക്കാശ് ചോദിക്കുന്നതല്ല. ഹാന്റക്സ് കൊടുക്കാനുള്ള കാശ് ലഭിച്ചാൽ അവർക്ക് അവിടെ ജോലിയെടുക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ആരംഭത്തിൽതന്നെ ചെറിയ തെറ്റിദ്ധാരണയുണ്ടാക്കാനുള്ള മറുപടി പറഞ്ഞു. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മലബാറിലുണ്ട്. ഞാൻ വേറൊരു പ്രദേശത്തുള്ള ആളുകളെ കുറ്റം പറഞ്ഞില്ല. കഴിഞ്ഞ ഓണത്തിനുമുമ്പ് മൂന്നുകോടിയിൽ അധികം ഉറുപ്പിക കിട്ടിയിട്ട് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഒരു നയാ പൈസ കൊടുത്തില്ല. ഞാൻ അതിന്റെ ആക്ഷേപങ്ങൾ പറഞ്ഞില്ല. അത് ഞാനെന്റെ മാന്യതകൊണ്ടാണ് പറയാത്തത്. എനിക്ക് ചോദിക്കാനുള്ളത് അവർക്ക് കൊടുക്കാനുള്ള പൈസയിൽ ഒരു ചെറിയ പങ്ക് അവർക്ക് അടിയന്തിരമായി കൊടുത്താൽ സഹകരണ സംഘത്തിന്റെ പ്രവൃത്തി നടത്തിക്കൊണ്ടു പോകാൻ സാധിക്കും. അത് കൊടുക്കാൻ സാധിക്കുമോ? അത് കൊടുക്കാൻ സാധിക്കാത്തതിന് 2000-ലോ മറ്റോ ഒരു സംഖ്യമുണ്ടെന്നുള്ളതാണ് ഗവൺമെന്റ് ന്യായമായി പറയുന്നത്. ഹാന്റക്സ് ചർച്ച ചെയ്ത യോഗത്തിൽ അത്തരത്തിൽ ഒരു തീരുമാനം ഇല്ലല്ലോ. ഹാന്റക്സാണ് ഇത് കൈകാര്യം ചെയ്യുന്നത്. അതിൽ അങ്ങനെയൊരു തീരുമാനം കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഹാന്റക്സിൽ നിന്ന് പണം ലഭിക്കാനുള്ള സഹകരണ സംഘങ്ങൾക്ക്, കൈത്തറി സഹകരണസംഘങ്ങൾക്ക് അടിയന്തിരമായി ലഭിക്കാനുള്ള സംഖ്യയിൽ ഒരു നല്ല തുക അനുവദിച്ച് അവരുടെ വ്യവസായത്തെ, സൊസൈറ്റിയെ നടത്തിക്കൊണ്ടു പോകാനുള്ള പണം അനുവദിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 23 കോടി രൂപ ഹാന്റക്സാണ് സഹകരണ സംഘങ്ങൾക്ക് നൽകാനുള്ളത്. ഈ തുക ഗവൺമെന്റിന് മൊത്തമായി അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. പക്ഷെ ഹാന്റക്സിന്റെ ബന്ധപ്പെട്ടവരെ വിളിച്ച് ചേർത്ത് ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്.

2. പെരിയാർ റിവർ അതോറിറ്റി രൂപീകരണം

ശ്രീ. കെ. മുഹമ്മദാലി: സർ, പെരിയാറിന്റെ പ്രശ്നങ്ങൾ പല സന്ദർഭങ്ങളിലും ഈ സഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. ഇതുവരെ കാര്യമായ പരിഹാരമൊന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ 42 നദികളിൽ ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന പെരിയാർ നദി, ഇന്ന് നാശത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ നദി സംരക്ഷണത്തിനുവേണ്ടി ജില്ലാ ഭരണകൂടം നേരത്തെ വിശദമായ പഠനങ്ങളും ചർച്ചകളുമൊക്കെ നടത്തി സംസ്ഥാന ഗവൺമെന്റുവഴി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചിരുന്നു. ആ പദ്ധതിക്ക് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റാണെങ്കിൽതന്നെ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ട സന്ദർഭങ്ങളിൽ മാറി മാറി വന്ന എല്ലാ ഭരണകൂടങ്ങളും ഒരു താൽപ്പര്യവും കാണിക്കുകയുണ്ടായില്ല. ഇന്ന് പെരിയാറിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly